# കേരള നിയമസഭ
# 24.10.2011-ലെ മറുപടിക്ക്

<u>ആദിവാസി ക്ഷേമ പദ്ധതികൾ</u>

5262

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ആദിവാസി ക്ഷേമ പ്രവർത്തനത്തിന്റെ ഭാഗമായി എന്തെല്ലാം പദ്ധതികൾ ആരംഭിച്ചു; വിശദാംശങ്ങൾ നൽകുമോ;

(ബി) ഭാവിയിൽ ഈ രംഗത്ത് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതൊക്കെ; അതുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കുമോ;

(സി) ആദിവാസികളിൽ ഭൂരഹിതർക്ക് ഭൂമി നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതൊക്കെ പ്രദേശങ്ങളിൽ എത്ര ഭൂമി വീതം നൽകാനാണ് ഉദ്ദേശിക്കുന്നത്;

(ഡി) വിദ്യാഭ്യാസ പ്രോത്സാഹിപ്പിക്കുന്നതിനായി ആദിവാസി വിദ്യാർത്ഥികൾക്ക് എന്തൊക്കെ ആനുകൂല്യങ്ങൾ നൽകാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ;

(ഇ) മഹിളാശിക്ഷൻ കേന്ദ്രവും ഷോർട്ട് സ്റ്റേ ഹോമും ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതുവഴി ലക്ഷ്യമിടുന്ന കാര്യങ്ങൾ എന്തൊക്കെ ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>ആദിവാസി ക്ഷേമത്തിനായി കേന്ദ്രത്തിൽ പദ്ധതി സമർപ്പണം</u>

5263 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആദിവാസി ക്ഷേമത്തിനായി സർക്കാർ എന്തെങ്കിലും പദ്ധതികൾ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇക്കാര്യത്തിൽ കേന്ദ്ര സർക്കാർ അനുകൂല നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) വയനാട്ടിലെ ആദിവാസി ക്ഷേമത്തിനായി കേന്ദ്ര സർക്കാരിന് പ്രത്യേക പദ്ധതികൾ സമർപ്പിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ കേന്ദ്രത്തിൽ നിന്ന് എന്തു നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

ആദിവാസികൾക്ക് ഭൂമി വാങ്ങി നൽകുന്ന പദ്ധതി

5264 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും
**കാഴ്ചബംഗ്ലാവുകളും മൃഗശാലകളുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ ഭൂരഹിതരായ ആദിവാസികൾക്ക് സ്വകാര്യവ്യക്തികളിൽ നിന്ന് ഭൂമി വിലയ്ക്കുവാങ്ങി നൽകുന്നതിന് മുൻസർക്കാർ പദ്ധതി ആവിഷ്കരിച്ചിരുന്നുവോ;

(ബി) ആയതിന് തുക വകയിരുത്തിയിരുന്നുവോ; എങ്കിൽ എത്രയെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം എത്ര ഭൂമി വാങ്ങിയെന്നും, എത്ര രൂപ ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ;

(ഡി) പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>ആദിവാസികളുടെ ജീവിതനിലവാരം ഉയർത്തൽ</u>

T5265 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനമേഖലയിൽ ജീവിക്കുന്ന ആദിവാസികളുടെ ജീവിത നിലവാരമുയർത്താൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ബി) ഈ നടപടികളുടെ പ്രയോജനം ആദിവാസികൾക്ക് ലഭിച്ചു തുടങ്ങിയിട്ടുണ്ടോ ;

(സി) എങ്കിൽ അവ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(ഡി) ആദിവാസികളുടെ കൈവശഭൂമിക്ക് ആവശ്യമായ രേഖകൾ നൽകുവാൻ നടപടി സ്വീകരിയ്ക്കുമോ ?

# കേരള നിയമസഭ
# 24.10.2011-ലെ മറുപടിക്ക്

<u>അട്ടപ്പാടിമേഖലയിൽ വൊക്കേഷണൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്</u>

5266 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഉന്നമനം ലക്ഷ്യമാക്കി സംസ്ഥാനത്ത് എവിടെയെല്ലാമാണ് ട്രൈബൽ സ്കൂളുകൾ പ്രവർത്തിക്കുന്നത്;

(ബി) പട്ടികവർഗ്ഗക്കാർ ധാരാളം അധിവസിക്കുന്ന പാലക്കാട് ജില്ലയിലെ അട്ടപ്പാടി മേഖലയിൽ ഒരു വൊക്കേഷണൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങുന്ന കാര്യം പരിഗണിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

# കേരള നിയമസഭ
# 24.10.2011-ലെ മറുപടിക്ക്

<u>പ്രാക്തന ഗോത്രവർഗ്ഗത്തിലെ കുട്ടികളുടെ പഠന നിലവാരം ഉയർത്തൽ</u>

5267 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രാക്തനാ ഗോത്രവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വിഭാഗത്തിൽപ്പെട്ട കുട്ടികളിൽ, സ്കൂളിൽ നിന്നും കൊഴിഞ്ഞുപോകുന്നവരെ കണ്ടെത്തി തുടർന്ന് പഠിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>സ്കോളർഷിപ്പ് തിരിച്ചടയ്ക്കാൻ കഴിയാത്ത വിദ്യാർത്ഥികൾക്ക് സഹായം</u>

5268 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഡിഗ്രി കോഴ്സിന് പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നൽകുന്ന സ്കോളർഷിപ്പ് തുക ഏതെങ്കിലും ഒരു വർഷം 50% മാർക്ക് ലഭിച്ചില്ല എങ്കിൽ തിരിച്ചടയ്ക്കണമെന്ന് വ്യവസ്ഥയുണ്ടോ;

(ബി) ഇങ്ങനെ തിരിച്ചടയ്ക്കാൻ കഴിയാത്തവരുടെ ടി.സി. തടഞ്ഞ് വയ്ക്കുവാൻ തീരുമാനമുണ്ടോ;

(സി) എങ്കിൽ ഇത്തരം വിദ്യാർത്ഥികളെ സഹായിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>ഇന്ദിരാഗാന്ധി നാഷണൽ ട്രൈബൽ യൂണിവേഴ്സിറ്റി കാമ്പസ്</u>

5269

ശ്രീ. സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇന്ദിരാഗാന്ധി നാഷണൽ ട്രൈബൽ യൂണിവേഴ്സിറ്റിയുടെ കാമ്പസ് കേരളത്തിൽ ആരംഭിക്കുന്നതിന് സംസ്ഥാനത്ത് ആദിവാസി പുനരധിവാസ മേഖലയായ ആറളം ഫാമിൽ സ്ഥലം ലഭ്യമാക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ;

(ബി) ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം;

(സി) പട്ടികവർഗ്ഗക്കാരുടെ വിദ്യാഭ്യാസ പുരോഗതിക്ക് വഴി തെളിക്കുന്ന ട്രൈബൽ യൂണിവേഴ്സിറ്റിയുടെ കാമ്പസ് ആറളത്ത് ആരംഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>ഉദുമ എം.ആർ.എസ്. സൗകര്യം വർദ്ധിപ്പിക്കൽ നടപടി</u>

5270 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ഉദുമ എം. ആർ. എസ്സിൽ കുട്ടികൾക്ക് താമസിക്കുന്നതിനുള്ള സൗകര്യം കുറവാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) താമസിക്കുന്നതിനായി ഉപയോഗിക്കുന്ന കെട്ടിടത്തിൽ ഇപ്പോൾ എത്ര കുട്ടികളാണുള്ളത്;

(സി) ഹോസ്റ്റൽ സൗകര്യം വർദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>പുതിയോടുംകുഴി ട്രൈബൽ കോളനിയിലെ കുടിവെള്ള പദ്ധതി</u>

5271 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി പുതിയോടും കുഴി ട്രൈബൽ കോളനിയിലെ കുടുംബങ്ങൾക്കായി സ്ഥാപിച്ച കുടിവെള്ള പദ്ധതി വൈദ്യുതി ചാർജ്ജ് അടയ്ക്കാത്തതു മൂലം നിർത്തലാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ കുടിവെള്ള പദ്ധതി വീണ്ടും പ്രവർത്തിപ്പിച്ച് കോളനിയിൽ ശുദ്ധജലമെത്തിക്കാൻ നടപടി സ്വീകരിക്കാമോ?

# കേരള നിയമസഭ
# 24.10.2011-ലെ മറുപടിക്ക്

<u>ചെറുപുഴ കേന്ദ്രീകരിച്ച് ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസ്</u>

5272 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യത്തിന്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പയ്യന്നൂർ മണ്ഡലത്തിൽ പട്ടികവർഗ്ഗ വിഭാഗക്കാർ കൂടുതൽ താമസിക്കുന്ന ചെറുപുഴ കേന്ദ്രീകരിച്ച് ഒരു ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസ് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>യുവകർമ്മസേന രൂപീകരിക്കാൻ നടപടി</u>

5273 ശ്രീ. വർക്കല കഹാർ
,, വി. ഡി. സതീശൻ
,, ലൂഡി ലൂയിസ്
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) യുവകർമ്മസേന രൂപീകരിക്കുന്നതിനായി യുവജനക്ഷേമ ബോർഡ് എന്തെല്ലാം പരിപാടികൾ സംഘടിപ്പിക്കുകയുണ്ടായി ;

(ബി) ബോർഡ് സംഘടിപ്പിച്ച പരിശീലന ക്യാമ്പുകൾ എത്രത്തോളം വിജയകരമായിരുന്നു ; വിശദമാക്കുമോ ;

(സി) പരിശീലന ക്യാമ്പുകളുടെ ലക്ഷ്യം എന്തായിരുന്നു ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

യുവജനക്ഷേമ ബോർഡിന്റെ ജനശ്രദ്ധ ആകർഷിക്കുന്ന പരിപാടികൾ

5274 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, റ്റി. എൻ. പ്രതാപൻ
,, കെ. അച്ചുതൻ
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങൾ ജനശ്രദ്ധ ആകർഷിക്കുംവിധമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്;

(ബി) യുവജനക്ഷേമ ബോർഡിന്റെ ജനശ്രദ്ധ ആകർഷിക്കുന്ന പരിപാടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പരിപാടികൾക്കുള്ള ഫണ്ട് എവിടെനിന്നാണ് കണ്ടെത്തുന്നത്;

(ഡി) പ്രസ്തുത പരിപാടികൾ വിപുലീകരിക്കുന്നതിന് സന്നദ്ധ സംഘടനകൾ, എൻ.ജി.ഒ. എന്നിവരുടെ പങ്കാളിത്തം ഉറപ്പാക്കാൻ നടപടി കൈക്കൊള്ളുമോ?

# കേരള നിയമസഭ
# 24.10.2011-ലെ മറുപടിക്ക്

<u>യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങൾ</u>

5275 ശ്രീ. ബെന്നി ബെഹനാൻ
'' എ. റ്റി. ജോർജ്
'' ഹൈബി ഈഡൻ
'' പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും
**കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന യുവജനക്ഷേമബോർഡിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികളാണ് കൈകൊണ്ടു വരുന്നത്;

(ബി) യുവജനങ്ങളുടെ ഏതെല്ലാം മേഖലയിലുള്ള വികസനത്തിനാണ് ബോർഡ് ലക്ഷ്യമിട്ടിട്ടുള്ളത്;

(സി) ഈ ലക്ഷ്യങ്ങൾ കൈവരിക്കാനായി എല്ലാ യുവജന കേന്ദ്രങ്ങളിലും പ്രവർത്തനം സജീവമാക്കുമോ;

(ഡി) ഇതിനായി എന്തൊക്കെ നടപടികളാണ് കൈകൊള്ളാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>യുവജന ക്ഷേമ ബോർഡ് വഴി യുവമാദ്ധ്യമ പ്രവർത്തക ക്യാമ്പ്</u>

5276 ശ്രീ. പാലോട് രവി
,, വി. പി. സജീന്ദ്രൻ
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) യുവജനക്ഷേമ ബോർഡ് യുവമാദ്ധ്യമ പ്രവർത്തക ക്യാമ്പ് സംഘടിപ്പിക്കുകയുണ്ടായോ ; വിശദമാക്കുമോ;

(ബി) എന്തു ലക്ഷ്യബോധത്തോടെയാണ് ഇത് സംഘടിപ്പിച്ചത്;

(സി) ഏതൊക്കെ മേഖലയിൽ ഉള്ളവരാണ് ഇതിൽ പങ്കെടുത്തത്;

(ഡി) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇത്തരം ക്യാമ്പുകൾ സംഘടിപ്പിക്കുവാൻ തയ്യാറാകുമോ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>യുവജനങ്ങൾക്ക് തൊഴിൽ ലഭിക്കുന്നതിനുള്ള പദ്ധതികൾ</u>

5277 ശ്രീ. ജോസഫ് വാഴക്കൻ
,, പി. എ. മാധവൻ
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൊഴിലന്വേഷകരായ യുവാക്കൾക്ക് തൊഴിൽ ലഭിക്കുന്നതിനായി യുവജനക്ഷേമ വകുപ്പ് എന്തെല്ലാം കർമ്മപരിപാടികളാണ് ആസൂത്രണം ചെയ്യാനുദ്ദേശിക്കുന്നത്;

(ബി) തൊഴിൽദായകരായ കമ്പനികളെയും തൊഴിലന്വേഷകരായ യുവാക്കളെയും ഒരു വേദിയിൽ ഏകോപിപ്പിച്ച് അവരുടെ താല്പര്യം സംരക്ഷിക്കാനുള്ള അവസരം ഒരുക്കുമോ;

(സി) ആയതിനായി എന്തെല്ലാം നടപടികളാണ് കൈക്കൊളളാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

ഗോത്രവർഗ്ഗക്കാർക്ക് കമ്മ്യൂണിറ്റി കോളേജുകൾ

5278 ശ്രീ. ജോസഫ് വാഴക്കൻ
,, പാലോട് രവി
,, വി. പി. സജീന്ദ്രൻ
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗോത്രവർഗ്ഗക്കാരായ യുവാക്കൾക്ക് തൊഴിൽ വൈദഗ്ദ്ധ്യം നേടുന്നതിനായി എന്തെല്ലാം നടപടികളാണ് യുവജനക്ഷേമ വകുപ്പ് കൈക്കൊള്ളാനുദ്ദേശിക്കുന്നത് ;

(ബി) ആയതിനായി കമ്യൂണിറ്റി കോളേജുകൾ തുടങ്ങുന്ന കാര്യം പരിഗണിക്കുമോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) ഇതിന് ഏതെങ്കിലും ഫൗണ്ടേഷന്റെ സാങ്കേതിക സഹായം ലഭ്യമാണോ ; വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ?

# കേരള നിയമസഭ
# 24.10.2011-ലെ മറുപടിക്ക്

സാഹസിക അക്കാഡമി

5279 ശ്രീ. എം. എ. വാഹീദ്
,, കെ. ശിവദാസൻ നായർ
,, ഡൊമിനിക് പ്രസന്റേഷൻ
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) യുവജനക്ഷേമ ബോർഡിന്റെ കീഴിലുള്ള സാഹസിക അക്കാഡമിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം കർമ്മപരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്;

(ബി) പ്രസ്തുത അക്കാഡമി ഇപ്പോൾ ഏതൊക്കെ മേഖലയിലാണ് പ്രവർത്തനം നടത്തുന്നത്;

(സി) അക്കാഡമിയുടെ പ്രവർത്തനം അനുകൂല സാഹചര്യമുള്ള സ്ഥലങ്ങളിൽകൂടി വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>യുവശക്തി പദ്ധതി</u>

T 5280 ശ്രീ. എൻ. ഷംസുദ്ദീൻ
,, എം. ഉമ്മർ
,, അബ്ദുറഹിമാൻ രണ്ടത്താണി
,, സി. മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) യുവജനക്ഷേമ ബോർഡ് രൂപീകരിച്ചതിന്റെ ഉദ്ദേശലക്ഷ്യങ്ങളെക്കുറിച്ച് വിശദമാക്കുമോ;

(ബി) ബോർഡ് നടപ്പാക്കുന്ന യുവശക്തി പദ്ധതിയുടെ പ്രവർത്തന ലക്ഷ്യവും പ്രവർത്തന പുരോഗതിയും വിശദമാക്കാമോ;

(സി) തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ കോഓർഡിനേറ്റർമാർക്ക് നൽകിയിട്ടുള്ള ചുമതലകൾ എന്തെല്ലാമാണ്;

(ഡി) യുവജനങ്ങളിൽ അച്ചടക്കവും, പൗരബോധവും വളർത്തുന്നതിനും അവരിൽ മദ്യവിരുദ്ധ മനോഭാവം വളർത്തിയെടുക്കുന്നതിനും എന്തൊക്കെ ചുമതലകളാണ് കോ ഓർഡിനേറ്റർമാർക്ക് നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ഇ) ഗ്രാമപ്രദേശങ്ങളിലെ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾക്ക് യുവജനങ്ങളെ സജ്ജരാക്കാൻ ആവശ്യമായ പദ്ധതികൾ ആവിഷ്ക്കരിക്കുമോ?

# കേരള നിയമസഭ

## 24.10.2011-ലെ മറുപടിക്ക്

<u>ലഹരി ഉപഭോഗത്തിനെതിരെ യുവജനങ്ങൾക്ക് ബോധവൽക്കരണം</u>

5281 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) യുവജനങ്ങളിൽ വർദ്ധിച്ചുവരുന്ന ലഹരി ഉപഭോഗം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അതിനെതിരെ യുവജനങ്ങളെ ബോധവാന്മാരാക്കുന്ന ക്യാമ്പയിനെക്കുറിച്ച് ആലോചിക്കുന്നുണ്ടോ;

(സി) എങ്കിൽ എന്തെല്ലാം നടപടികളാണ് യുവജനകാര്യവകുപ്പ് ഇതിനായി ആവിഷ്കരിച്ചിട്ടുള്ളത്

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

സ്ത്രീധനത്തിനെതിരെ യുവാക്കൾക്കിടയിൽ ബോധവൽക്കരണം

5282 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്ത്രീധന സമ്പ്രദായവും ആർഭാട വിവാഹവും തടയാൻ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത് ; വിശദമാക്കാമോ ;

(ബി) ഈ വിപത്തിനെതിരെ യുവാക്കൾക്കിടയിൽ ബോധവൽക്കരണമുൾപ്പെടെയുള്ള സമഗ്ര പരിപാടി ആസൂത്രണം ചെയ്ത് നടപ്പിലാക്കാമോ ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>കേരളോത്സവം</u>

5283 ശ്രീ. കെ. കെ. ജയചന്ദ്രന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികവര്‍ഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കേരളോത്സവം നടത്തിപ്പിനായി യുവജനകാര്യ വകുപ്പ് തദ്ദേശസ്ഥാപനങ്ങള്‍ക്ക് നല്‍കി വരുന്ന ഫണ്ട് അപര്യാപ്തമാണെന്ന കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; ഫണ്ട് ഉയര്‍ത്തി നല്‍കുന്നതു പരിഗണിക്കുമോ;

(ബി) കേരളോത്സവം നടത്താത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങള്‍ക്കെതിരെ കര്‍ശന നടപടി സ്വീകരിക്കുമോ;

(സി) കേരളോത്സവത്തില്‍ യുവജനങ്ങളുടെ പങ്കാളിത്തം കുറഞ്ഞുവരുന്നതായി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; പങ്കാളിത്തം കൂടുതലായി ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) കേരളോത്സവത്തില്‍ സമ്മാനാര്‍ഹരാകുന്നവര്‍ക്ക് നല്‍കി വരുന്ന സര്‍ട്ടിഫിക്കറ്റുകള്‍ക്ക് മൂല്യം ഉറപ്പു വരുത്തുമോ; മത്സരപരീക്ഷകളിലും മറ്റും വെയിറ്റേജ് ലഭിക്കുന്ന തരത്തില്‍ സര്‍ട്ടിഫിക്കറ്റുകള്‍ക്ക് മൂല്യം നല്‍കുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>വായനശാലകൾക്കും യൂത്ത് ക്ലബ്ബുകൾക്കും</u>
<u>സാമ്പത്തിക സഹായം</u>

5284

ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും**
**മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) യൂത്ത് ക്ലബ്ബുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഇത്തരം ക്ലബ്ബുകൾക്ക് എന്തെല്ലാം സഹായങ്ങളാണ് നിലവിൽ നൽകുന്നത്;

(സി) രജിസ്റ്റർ ചെയ്ത് പത്ത് വർഷം പിന്നിട്ട ക്ലബ്ബുകൾക്ക് സ്ഥലം വാങ്ങുന്നതിനും കെട്ടിടം പണിയുന്നതിനും സാമ്പത്തിക സഹായം അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

തിരുവനന്തപുരം മൃഗശാലയിൽ മൃഗങ്ങൾക്ക് ജീവഹാനി

5285

ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മൃഗശാലയിൽ 2011 ജനുവരി മുതൽ സെപ്റ്റംബർ 30 വരെ എത്ര വന്യമൃഗങ്ങൾക്ക് ജീവഹാനി സംഭവിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) മരണകാരണങ്ങൾ കണ്ടെത്തിയിട്ടുണ്ടോ;

(സി) അസ്വാഭാവിക മരണങ്ങൾ ഉണ്ടാകാതിരിക്കുന്നതിനുള്ള മുൻകരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ?

# കേരള നിയമസഭ
# 24.10.2011-ലെ മറുപടിക്ക്

<u>മൃഗശാലകളിലെ വെറ്ററിനറി സർജൻമാരുടെ യോഗ്യത സംബന്ധിച്ച്</u>

5286 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാഴ്ചബംഗ്ലാവുകളിലും മൃഗശാലകളിലും നിയമിക്കപ്പെട്ട വെറ്ററിനറി സർജൻമാരിൽ വന്യമൃഗ ചികിത്സാ രംഗത്ത് പ്രത്യേക യോഗ്യത നേടിയവർ എത്രപേരുണ്ട്;

(ബി) മൃഗശാലകളിലും കാഴ്ചബംഗ്ലാവുകളിലുമുള്ള വംശനാശ ഭീഷണി നേരിടുന്ന ഇനങ്ങളിൽപ്പെട്ട മൃഗങ്ങളെയും പക്ഷികളെയും ഇൻഷ്വർ ചെയ്യുന്ന കാര്യം പരിഗണിക്കാമോ?